കേരള സർക്കാർ

പൊതു ഭരണ (സർവ്വീസസ്-ഡി) വകുപ്പ്

വിജ്ഞാപനം

നം. 14652/എസ്. ഡി.1/2012/പൊ.ഭ.വ. തിരുവനന്തപുരം,2015 ഡിസംബർ 7.

1 2010 മുതൽ 2014 വരെയുള്ള കലണ്ടർ വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്ക് അനുബന്ധം II-ൽ കാണിച്ചിരിക്കുന്ന സ്പോർട്സ്/ഗെയിംസ് ഇനങ്ങളിൽ താഴെ പറയും വിധം നേട്ടം കൈവരിച്ചിട്ടുള്ള പുരുഷ/വനിത കായിക താരങ്ങളിൽ നിന്നും സർക്കാർ സർവ്വീസിൽ നിയമനത്തിനു വേണ്ടിയുള്ള അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു.

i. അംഗീകൃത അന്താരാഷ്ട്ര ഫെഡറേഷനുകൾ നടത്തിയിട്ടുള്ള ഒളിംപിക്സ്, ലോക കപ്പ്, ലോക യൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് എന്നിവയിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ ഭാരതത്തെ പ്രതിനിധാനം ചെയ്ത ടീമിലെ അംഗമായിരിയ്ക്കുകയും, വ്യക്തിഗതഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നോ, ര ണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളാകുകയും ചെയ്തവർ.

ii. രാജ്യത്തെ പ്രതിനിധാനം ചെയ്ത് മുകളിൽ പറഞ്ഞ അന്താരാഷ്ട്ര മൽസരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ.

iii. അനുബന്ധം II പ്രകാരം സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായികയിനങ്ങളിൽ പങ്കെടുത്ത് ഒന്നോ, ര ണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളായ കേരള സംസ്ഥാന ടീമിലെ അംഗങ്ങൾ.

കുറിപ്പ്: a. കായിക വിനോദങ്ങളും കളികളും സംബന്ധിച്ച് ഒളിംപിക്സ് / ഏഷ്യൻ ഗെയിംസ് ഇനങ്ങളും അനുബന്ധം 2 ൽ പറഞ്ഞിരിക്കുന്നവയും മാത്രമേ ഉദ്യോഗനിയമനത്തിന് പരിഗണിക്കുകയുള്ളൂ.

b. ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച് മുൻഗണനാക്രമവും മറ്റുമാർഗ്ഗനിർദ്ദേശങ്ങളും വിജ്ഞാപനത്തിന്റെ അനുബന്ധം 1 ൽ നിഷ്കർഷിച്ചിട്ടുള്ള തരത്തിലായിരിക്കുന്നതാണ്.

2 തെരഞ്ഞെടുക്കലിനുള്ള നടപടി ക്രമം

2.1 അനുബന്ധം –I ൽ സൂചിപ്പിച്ചിരിയ്ക്കുന്ന പ്രകാരമുള്ള കായിക രംഗത്തെ നേട്ടങ്ങളുടെ അടിസ്ഥാനത്തിലായിരിയ്ക്കും നിയമനത്തിന് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത്.

2.2 ഒഴിവുകളുടെ എണ്ണം - ഈ വിജ്ഞാപനത്തിൽ 2010 മുതൽ 2014 വരെ കലണ്ടർ വർഷങ്ങളിലെ പ്രതിവർഷം 50 ഒഴിവുകൾ വീതം 250 ഒഴിവുകളിൽ, 2014 കലണ്ടർ വർഷത്തിലെ 50 ഒഴിവിൽ 1 കുറച്ച് ആകെ 249 ഒഴിവുകളിലേയ്ക്കാണ്, ഇപ്പോൾ തെരഞ്ഞെടുപ്പ് നടത്തുന്നത്. പ്രതിവർഷം രണ്ട് ഒഴിവ് വീതം വിഭിന്നശേഷിയുള്ള കായികതാരങ്ങൾക്കായും ഒരു ഒഴിവ് വീതം കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച് മൂന്നു വർഷം പൂർത്തിയായിട്ടുള്ളതും എന്നാൽ ഒളിംപിക്സ്/ ഏഷ്യൻ ഗെയിംസ് മത്സരങ്ങളിൽ ഉൾപ്പെടുത്താത്തതുമായ കായികഇനങ്ങൾക്കായും നീക്കി വയ്ക്കുന്നതാണ്.

2.3 ഓരോ കലണ്ടർ വർഷത്തേയും ഒഴിവുകളിലേയ്ക്കും, കായിക താരങ്ങൾ അതിനു തൊട്ട് മുൻപുള്ള 2 സാമ്പത്തിക വർഷം കൈവരിച്ച നേട്ടങ്ങളുടെ അടിസ്ഥാനത്തിലായിരിയ്ക്കും നിയമനം നടത്തുക. (ഉദാഹരണത്തിന് 2010 വർഷത്തെ 50 ഒഴിവുകളിലേയ്ക്ക് 2008–09, 2009–10 സാമ്പത്തിക വർഷങ്ങളിൽ കൈവരിച്ച നേട്ടങ്ങളുടെ അടിസ്ഥാനത്തിലായിരിയ്ക്കും തെരഞ്ഞെടുപ്പ് നടത്തുന്നത്).

2.4 ഓരോ വർഷത്തേയ്ക്കു മുള്ള 50 ഒഴിവുകളിൽ 25 എണ്ണം വ്യക്തിഗത ഇനങ്ങൾക്കും, 25 എണ്ണം ടീം ഇനങ്ങൾക്കുമായി നീക്കി വച്ചിരിയ്ക്കുന്നു.

2.5 അപേക്ഷകരുടെ കായിക നേട്ടങ്ങൾ അനുസരിച്ച് വ്യക്തിഗതയിനം, ടീമിനം എന്നിങ്ങനെ മെറിറ്റടിസ്ഥാനത്തിൽ 25 കായിക താരങ്ങളെ വീതമാണ് തെരഞ്ഞെടുക്കുന്നത്.

2.6 വ്യക്തിഗത /ടീം ഇനങ്ങളിൽ കായിക താരങ്ങളുടെ കായിക മികവുകളുടെ അടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം തയ്യാറാക്കിയ റാങ്ക്ലിസ്റ്റിൽ, ആദ്യം വ്യക്തിഗതയിനത്തിൽ നിന്നും പിന്നെ ടീം ഇനത്തിൽ നിന്നുമാണ് (Alternate) കായിക താരങ്ങളുടെ തെരഞ്ഞെടുപ്പ് നടത്തുന്നത്.

2.7 ഒരോ വർഷവും അലോട്ട്മെന്റ് ആരംഭിയ്ക്കുന്നത് വ്യക്തിഗതയിനത്തിൽ നിന്നുമായിരിക്കും.

2.8 റാങ്ക് ലിസ്റ്റിൽ വ്യക്തിഗതയിനത്തിൽ കായിക താരങ്ങളുടെ എണ്ണം കുറവാണെങ്കിൽ ടീമിനത്തിൽനിന്നും, ടീമിനത്തിൽ കായിക താരങ്ങളുടെ എണ്ണം കുറവാണെങ്കിൽ വ്യക്തിഗതയിന ലിസ്റ്റിൽ നിന്നും കായിക താരങ്ങളെ കണ്ടെത്തുന്നതാണ്.

2.9 ഒളിംപിക്സ് എന്നാൽ ഇന്റർ നാഷണൽ ഒളിംപിക്സ് കമ്മറ്റിയുടെ (IOC) യുടെ ആഭിമുഖ്യത്തിൽ 4 വർഷത്തിലൊരിയ്ക്കൽ വീതം നടത്തുന്ന ഒളിംപിക്സ് ഗെയിംസ് മാത്രം.

2.10 കോമൺവെൽത്ത് ഗെയിംസ് എന്നാൽ IOC യുടെ അംഗീകാരത്തോടെ 4 വർഷത്തിലൊരിയ്ക്കൽ കോമൺവെൽത്ത് ഗെയിംസ് ഫെഡറേഷൻ (സി.ജി. എഫ്) നടത്തുന്ന കോമൺവെൽത്ത് ഗെയിംസ് മാത്രം.

2.11 ഏഷ്യൻ ഗെയിംസ് എന്നാൽ ഒളിംപിക്സ് കൗൺസിൽ ഓഫ് ഏഷ്യ 4 വർഷത്തിലൊരിയ്ക്കൽ സംഘടിപ്പിയ്ക്കുന്ന ഏഷ്യൻ ഗെയിംസ് മാത്രം

2.12 വേൾഡ് ചാമ്പ്യൻഷിപ്പ് എന്നാൽ ഒരോ കായിക ഇനത്തിന്റെയും, ഔദ്യോഗിക ലോക ഫെഡറേഷൻ നടത്തുന്ന കേന്ദ്ര സർക്കാർ അംഗീകരിച്ചതുമായ ലോക ചാമ്പ്യൻഷിപ്പുകൾ മാത്രം .

2.13 വേൾഡ് യൂണിവേഴ്സിറ്റി ഗെയിംസ് എന്നാൽ ഇന്റർ നാഷണൽ യൂണിവേഴ്സിറ്റി സ്പോർട്സ് ഫെഡറേഷൻ സംഘടിപ്പിയ്ക്കുന്ന വേൾഡ് യൂണിവേഴ്സ്യാഡ് മാത്രം.

2.14 സൗത്ത് ഏഷ്യൻ ഗെയിംസ്/ സൗത്ത് ഏഷ്യൻ ഒളിംപിക്സ് എന്നാൽ സൗത്ത് ഏഷ്യൻ ഒളിംപിക്സ് കൗൺസിൽ(എസ്.എ.ഒ സി) ഔദ്യോഗിക സാഫ് ഗെയിംസ് മാത്രം.

2.15 അഖിലേന്ത്യാ ഇന്റർ വാഴ്സിറ്റി മത്സരങ്ങൾ എന്നാൽ അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റി മത്സരങ്ങൾ മാത്രമായിരിയ്ക്കും (സോണുകൾ അതിന്റെ പരിധിയിൽ വരികയില്ല)

2.16 ദേശീയ ഗെയിംസ് എന്നാൽ ഇൻഡ്യൻ ഒളിംപിക് അസോസിയേഷൻ (ഐ.ഒ. എ) സംസ്ഥാന സർക്കാരുമായി സഹകരിച്ച് സംഘടിപ്പിയ്ക്കുന്ന ദേശീയ ഗെയിംസ് മാത്രം.

2.17 സീനിയർ നാഷണൽ ചാമ്പ്യൻഷിപ്പ് എന്നാൽ ഓരോ കായിക ഇനത്തിന്റെയും. ഔദ്യോഗിക ദേശീയ ഫെഡറേഷനുകൾ സംഘടിപ്പിയ്ക്കുന്ന വാർഷിക സീനിയർ ചാമ്പ്യൻഷിപ്പുകൾ മാത്രമായിരിയ്ക്കും.

2.18 മത്സരങ്ങളിൽ പങ്കെടുക്കുന്ന വർഷത്തിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ വിദ്യാർത്ഥിയായിരുന്നെങ്കിൽ മാത്രമേ പുരുഷ/ വനിത ദേശീയ ലോക യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പിൽ സർവ്വകലാശാല ടീമിൽ പങ്കെടുത്തതായി കരുതിയുള്ള ആനുകൂല്യങ്ങൾ ലഭിക്കു.

2.19 വ്യക്തിഗത ഗെയിം/ഇനം എന്നാൽ ഒരു വ്യക്തി മാത്രം പങ്കെടുക്കുന്ന ഗെയിം/ഇനം എന്നാണ്. വ്യക്തിഗത ഇനം എന്നാൽ ഒരു വ്യക്തിയുടെ മാത്രം സംഭാവന കൊണ്ടുണ്ടാകുന്ന നേട്ടമെന്നും, ടീം ഇനം എന്നാൽ ഒന്നിൽ കൂടുതൽ വ്യക്തികളുടെ കൂട്ടായ സംഭാവന കൊണ്ടുണ്ടാകുന്ന നേട്ടം എന്നുമാണ്.

2.20 ഒരു ഉദ്യോഗാർത്ഥി പല ഇനങ്ങളിൽ വിജയങ്ങൾ നേടിയിട്ടുണ്ടെങ്കിൽ ആ വ്യക്തിയുടെ ഏറ്റവും ഉയർന്നവിജയം പരിഗണിയ്ക്കുന്നതായിരി ക്കും

2.21 ബന്ധപ്പെട്ട ദേശീയ ഫെഡറേഷൻ സീനിയർ ഇനമായി തരം തിരിച്ചിട്ടില്ലെങ്കിൽ, ഉയർന്ന പ്രായ പരിധി നിശ്ചയിച്ചിട്ടുള്ള എല്ലാ മത്സരങ്ങളും ജൂനിയർ ഇനമായി കണക്കാക്കും. വേൾഡ് യൂണിവേഴ്സ്യാഡ് ഒഴിച്ചുള്ള മറ്റ് യാതൊരു ജൂനിയർ തല മത്സരങ്ങളും സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി പരിഗണിക്കില്ല.

2.22 മേൽപ്പറഞ്ഞ നേട്ടങ്ങളിൽ ഏതെങ്കിലും ഒരു 'ടൈ' ഉണ്ടെങ്കിൽ ആ 'ടൈ' മുറിക്കുന്നതിനു താഴെപ്പറയുന്ന മാനദണ്ഡങ്ങൾ താഴെപ്പറയുന്ന മുൻഗണനാ ക്രമത്തിൽ സ്വീകരിക്കുന്നതാണ്.

i. പുതിയ റെക്കോർഡ് സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ 1, 2, 3 സ്ഥാനം ലഭിച്ച വ്യക്തിക്ക് അടുത്ത മുൻഗണനാ ക്രമത്തിന്റെ പരിഗണന ലഭിയ്ക്കും.

ii. ടീം ഇനത്തിൽ പുതിയ റെക്കോർഡ് സൃഷ്ടിച്ചിട്ടുള്ള 1, 2, 3 സ്ഥാനം ലഭിച്ച ടീമിന് പരിഗണന

iii. ടീം ഇനത്തിൽ ക്യാപ്റ്റന് പരിഗണന

iv. മികച്ച കളിക്കാരനുള്ള ബെസ്റ്റ് പ്ലേയർ അംഗീകാരം ലഭിച്ച കായിക താരത്തിന് മുൻഗണന

v. തൊട്ടു മുൻ വർഷത്തെ നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണന

vi. മേൽപറഞ്ഞ ഒരു രീതിയിലും ടൈ മാറുന്നില്ല എങ്കിൽ ജനനതീയതി ആധാരമാക്കി പ്രായക്കൂടുതൽ ഉള്ള ആളിന് മുൻഗണന നൽകും.

vii. മുൻ പറഞ്ഞ ഒരു രീതിയിലും ടൈ മാറുന്നില്ല എങ്കിൽ യോഗ്യതാ പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ മുൻഗണന.

2.23 പ്രഗത്ഭ കായിക താരങ്ങളുടെ നിയമനത്തിനു വേണ്ടി സർക്കാർ രൂപീകരിക്കുന്ന ഒരു കമ്മറ്റിയാണ് തെരഞ്ഞെടുപ്പു നടത്തുന്നത്.

2.24 a. കമ്മറ്റി തെരഞ്ഞെടുത്ത് നിയമനത്തിനു ശുപാർശ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അനുബന്ധം IIIൽ പറയുന്ന തസ്തികകളിൽ പ്രസ്തുത തസ്തികകളിൽ ബന്ധപ്പെട്ട സ്പെഷ്യൽ റൂൾസിൽ നിശ്ചയിച്ചിരിക്കുന്ന യോഗ്യതകളുടെ അടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ്.

b. എന്നാൽ വിജ്ഞാപനം ചെയ്തിട്ടുള്ള ആകെ തസ്തികകളുടെ 10% അനുബന്ധം III ൽ വിഭാഗം V ലെ സബോർഡിനേറ്റ് സർവീസിലെ അസിസ്റ്റന്റ് തസ്തികകളിലേയ്ക്കും 2% വീതം അനുബന്ധം III ൽ വിഭാഗം I,II, III ലെ സ്റ്റേറ്റ് സർവീസ് തസ്തികകളിലേയ്ക്കും നിയമനത്തിനായി നീക്കിവച്ചിട്ടുണ്ട്. പ്രസ്തുത തസ്തികകളിലേയ്ക്കുള്ള നിയമനം താഴെ പറയുന്ന ക്രമത്തിൽ നടത്തുന്നതാണ്.

i. തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളിൽ സ്പോർട്സ്/ഗെയിംസ് രംഗത്ത് ഏറ്റവും മികച്ച നേട്ടം കൈവരിച്ചവരെയാണ് പരിഗണിയ്ക്കുന്നത്. ഇക്കാര്യത്തിൽ കായികയിനം ഏതെന്ന കാര്യം പ്രസക്തമല്ല.

ii. ഇക്കാര്യത്തിൽ ഒരു ടൈ ഉണ്ടാവുകയാണെങ്കിൽ ഉദ്യോഗാർത്ഥികൾ പ്രസ്തുത തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതാ പരീക്ഷയിൽ നേടിയ മാർക്കിന്റെ ശതമാനം പരിഗണിയ്ക്കുന്നതാണ്.

2.25 ഓരോ സ്പോർട്സ്/ഗെയിംസ് ഇനത്തിലും തെരഞ്ഞെടുക്കപ്പെടേണ്ട ഉദ്യോഗാർത്ഥികളുടെ എണ്ണത്തിൽ കമ്മറ്റിയുടെ ശുപാർശപ്രകാരം സർക്കാർ നിയന്ത്രണം ഏർപ്പെടുത്തുന്നതാണ്.

2.26 സജീവ കായിക താരങ്ങളെ നിയമിക്കേണ്ടതായിട്ടുള്ള വകുപ്പുകളും, തസ്തികകളും സംബന്ധിച്ച് കമ്മറ്റിയുടെ നിർദ്ദേശത്തിൻമേൽ സർക്കാരിന് തീരുമാനം എടുക്കാവുന്നതാണ്.

2.27 കമ്മറ്റിയ്ക്ക് ആവശ്യമെന്ന് തോന്നുന്ന പക്ഷം ഉദ്യോഗാർത്ഥികളുടെ ഇന്റർവ്യൂ നടത്തുന്നതാണ്.

2.28 ഓരോ വിഭാഗത്തിലേയും ഒഴിവുകളിലേയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളെ അവരവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിലായിരിയ്ക്കും അലോട്ടുമെന്റിനും നിയമനത്തിനുമായുള്ള സ്ഥാനം നിശ്ചയിയ്ക്കുന്നത്.

2.29 ഒളിംപിക്സിൽ മെഡൽ നേടുകയോ, പങ്കെടുക്കുകയോ ചെയ്തവർക്കും, കോമൺവെൽത്ത്/ഏഷ്യൻ ഗെയിംസിൽ മെഡൽ നേടിയവർക്കും സ്പോർട്സ് ക്വാട്ടയിലേയ്ക്ക് നീക്കി വയ്ക്കപ്പെട്ട തസ്തികയിലേയ്ക്ക് നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസയോഗ്യതയിൽ ഇളവ് അനുവദിയ്ക്കുന്നതിന് സർക്കാരിന് അധികാരം ഉണ്ടായിരിയ്ക്കും.

2.30 കേന്ദ്ര സർക്കാരിലോ സംസ്ഥാന സർക്കാരിലോ പ്രസ്തുത സർക്കാരിലെ പൊതു മേഖലാ സ്ഥാപനങ്ങളിലോ സ്പോർട്സ് ക്വാട്ട വഴി നിയമനം ലഭിച്ചവർ അപേക്ഷിയ്ക്കാൻ അർഹരല്ല.

3 **വയസ്സ്:** അപേക്ഷകർ ***2015 ജനുവരി 1 ന് 18 വയസ്സ് തികഞ്ഞിട്ടുള്ളവരും 36 വയസ്സ് കഴിഞ്ഞിട്ടില്ലാത്തവരും ആയിരിക്കണം.*** എന്നാൽ 1958 ലെ K.S.&S.S.R.– ലെ പൊതുചട്ടങ്ങൾ 10(സി)– യിൽ പറയുന്ന പ്രകാരം പട്ടികജാതി/പട്ടിക വർഗ്ഗക്കാർ, മറ്റ് പിന്നാക്കജാതിക്കാർ എന്നിവർക്ക് കൂടിയ പ്രായപരിധിയ്ക്ക് അർഹമായ വയസ്സിളവ് ലഭിക്കും.

4. **ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങളും, പൊതു വ്യവസ്ഥകളും**

4.1 കേരള ഗവൺമെന്റിന്റെ www.sportsquota.sportscouncil.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കേണ്ട താണ്.

4.2 നിശ്ചിത യോഗ്യതയുണ്ടെങ്കിൽ അനുബന്ധം III ൽ പറയുന്ന ഏതു തസ്തികയിലേയ്ക്കും നിയമനം ലഭിയ്ക്കുന്നതിന് ഉദ്യോഗാർത്ഥിക്ക് അപേക്ഷ സമർപ്പിയ്ക്കാവുന്നതാണ്. ഒന്നിൽ കൂടുതൽ തസ്തികകൾക്ക് അപേക്ഷിയ്ക്കുന്നവർ പ്രത്യേകം പ്രത്യേകം അപേക്ഷകൾ സമർപ്പിക്കേണ്ട തില്ല. അപേക്ഷയിൽ മുൻഗണനാക്രമത്തിൽ തസ്തികകളുടെ പേര് രേഖപ്പെടുത്തിയാൽ മതിയാകും.

4.3 ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട രീതി താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണ് .

Online Portal-ൽ കയറി Apply Online -ൽ വിവരങ്ങൾ രേഖപ്പെടുത്തുക. വിവരങ്ങൾ രേഖപ്പെടുത്തിയ അപേക്ഷകൾ പരിശോധിച്ച് തെറ്റുകൾ തിരുത്തി Final Submission കഴിഞ്ഞ് അപേക്ഷയുടെ പ്രിന്റ് എടുത്ത് ഫോട്ടോ ഒട്ടിച്ച്

സർട്ടിഫിക്കറ്റുകളുടെയും, മറ്റു രേഖകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. ഒരിക്കൽ Final Submission കൊടുത്താൽ പിന്നെ തിരുത്തലുകൾ നടത്താനാവില്ല. ഓൺലൈൻ അപേക്ഷ സമർപ്പിയ്ക്കുമ്പോൾ ലഭിയ്ക്കുന്ന Application Number ഉം, ഉദ്യോഗാർത്ഥി set ചെയ്ത Password-ഉം സൂക്ഷിക്കേണ്ടതാണ്. ഇപ്പോൾ കേന്ദ്ര/ സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിലോ പ്രസ്തുത സർക്കാരുകളുടെ നിയന്ത്രണത്തിലോ, ഉടമസ്ഥതയിലോ ഉള്ള പൊതുമേഖലാ സ്ഥാപനങ്ങളിലോ ജോലി ചെയ്യുന്നവർ അനുബന്ധം IV-ൽ ചേർത്തിരിയ്ക്കുന്ന നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ഉൾപ്പടെ മേലധികാരിവഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കിയില്ലെങ്കിൽ അപേക്ഷ നിരുപാധികം നിരസിയ്ക്കുന്നതാണ്. (ഓൺലൈൻ അപേക്ഷയുടെ മാതൃക അനുബന്ധം IV-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

4.4 ഓൺലൈനായി അപേക്ഷ സ്വീകരിക്കുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്തം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനായിരിക്കും.

4.5 ഏതെങ്കിലും തരത്തിൽ ഉദ്യോഗാർത്ഥിക്ക് online application അയയ്ക്കാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ അവർക്ക് ആവശ്യമായ സഹായം ലഭ്യമാക്കുന്നതിന് ഒരു help desk കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ അപേക്ഷ സ്വീകരിച്ചു തുടങ്ങുന്ന തീയതി മുതൽ അവസാനതീയതി വരെയും രാവിലെ പത്തു മണി മുതൽ വൈകിട്ട് അഞ്ചു മണി വരെയും തുറന്നു പ്രവർത്തിക്കുന്നതാണ്. 'Help desk'-നായി താഴെ പറയുന്ന ഫോൺ നമ്പറുമായി ബന്ധപ്പെടുക.

Phone No. : 0471- 2330167 (Kerala State Sports Council)

4.6 'Help desk'-ൽ നിന്നുള്ള നിർദ്ദേശപ്രകാരം ഉദ്യോഗാർത്ഥിക്ക് online application ചെയ്യാൻ പറ്റാത്ത സാഹചര്യമുണ്ടായാൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നേരിട്ട് വന്ന് അപേക്ഷ നൽകേണ്ടതാണ്.

4.7 ഓരോ വർഷത്തേയ്ക്കും പ്രത്യേകം പ്രത്യേകം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

4.8 വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള നിശ്ചിത മാതൃകയിലുള്ള ഐഡന്റിഫിക്കേഷൻ ഫോമിൽ (അനുബന്ധം IV) ഉദ്യോഗാർത്ഥിയുടെ ഫോട്ടോ ഒട്ടിച്ച് സർക്കാർ ഗസറ്റഡ് ഓഫീസറെ കൊണ്ട് സാക്ഷ്യപ്പെടുത്തിയിരിക്കണം

4.9 ഓൺലൈനായി സമർപ്പിച്ച രേഖകളുടെ സൂക്ഷ്മപരിശോധനയ്ക്കായി അപേക്ഷകർ പ്രസ്തുത രേഖകളുടെ അസ്സൽ സഹിതം സർക്കാർ നിർദ്ദേശിക്കുന്ന തീയതിയിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

4.10 ഭാരത സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ പ്രസ്തുത സർക്കാരുകളുടെ നിയന്ത്രണത്തിലോ, ഉടമസ്ഥതയിലോ ഉള്ള പൊതുമേഖലാ സ്ഥാപനങ്ങളിലോ ജോലി ചെയ്യുന്നവർ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള നിശ്ചിത മാതൃകയിലുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (അനുബന്ധം IV) മേലധികാരിയിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതും സർട്ടിഫിക്കേറ്റ് പരിശോധന സമയത്ത് ഹാജരാക്കേണ്ടതുമാണ്. ഇപ്രകാരം നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ലെങ്കിൽ അപേക്ഷ നിരുപാധികം നിരസിയ്ക്കുന്നതാണ്.

4.11 നിശ്ചിത യോഗ്യതകൾ ഉണ്ടെന്നും, നൽകിയിട്ടുള്ള വിവരങ്ങൾ എല്ലാ തരത്തിലും ശരിയാണെന്നും ഉദ്യോഗാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്.

4.12 ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷയുടെ പകർപ്പ് പ്രിന്റ് എടുത്ത് അപേക്ഷ പരിഗണിക്കേണ്ട വർഷം മുകളിലായി രേഖപ്പെടുത്തി മുൻപേജിൽത്തന്നെ ഫോട്ടോ ഒട്ടിച്ച് ആവശ്യമായ രേഖകൾ സഹിതം ***05.01.2016 വൈകുന്നേരം 5 മണിക്ക്*** മുൻമ്പായി ലഭിക്കത്തക്കവിധം താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കണം.

ഗവൺമെന്റ് സെക്രട്ടറി
പൊതു ഭരണ(സർവ്വീസസ്-ഡി) വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം 695001

4.13 **ഉള്ളടക്കം :-** താഴെപറയുന്ന രേഖകൾ അപേക്ഷയോടൊപ്പം ഭദ്രമായി തുന്നിച്ചേർക്കേണ്ടതാണ് :

i. വിദ്യാഭ്യാസയോഗ്യതയും പരിചയവും തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പ് (മാർക്ക് ലിസ്റ്റ് ഉൾപ്പടെ),

ii. ജനനതീയതിയും വയസ്സും തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പ്,

iii. ഈ വിജ്ഞാപനത്തിലെ ഒന്നാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന പ്രകാരം സ്പോർട്സ് ഇനങ്ങളിലുള്ള നേട്ടങ്ങൾ തെളിയിക്കുന്നതിനു മത്സരങ്ങൾ നടത്തിയ ബന്ധപ്പെട്ട സ്പോർട്സ് സംഘടനകളിൽ നിന്നു ലഭിച്ച സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ (മറ്റു സംഘടനകളോ സ്ഥാപനങ്ങളോ നൽകിയ സർട്ടിഫിക്കറ്റുകൾ സ്വീകാര്യമല്ല).

iv. അപേക്ഷ സമർപ്പിക്കുന്ന തീയതിക്ക് ആറു മാസത്തിനകം എടുത്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോകൾ ഒന്ന് അപേക്ഷയുടെ മുൻപേജിൽ ഒട്ടിച്ച് അപേക്ഷകൻ ഒപ്പു വയ്ക്കണം. മറ്റേത് ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റിൽ ഒട്ടിച്ച് സർക്കാർ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തണം.

v. വയസ്സിളവിന് അർഹതയുണ്ടെങ്കിൽ അത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരിയിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

vi. ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് (വിജ്ഞാപനത്തിലെ അനുബന്ധം IV ൽ കൊടുത്തിരിക്കുന്ന മാതൃകയിൽ).

vii. അംഗവൈകല്യം തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പ്.

4.14 അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന എല്ലാ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സ്വയം സാക്ഷ്യപ്പെടുത്തിയിരിക്കണം.

4.15 അപേക്ഷ അയയ്ക്കുന്ന കവറിന് പുറത്ത്

"സ്പോർട്സ് ക്വാട്ടാ നിയമനത്തിനുള്ള അപേക്ഷ 2010-2014"

എന്ന് വ്യക്തമായി എഴുതിയിരിക്കണം.

4.16 ഇനം 4.12 നിബന്ധന പ്രകാരമല്ലാതെ സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

5 അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതി

5.1 ഓൺലൈനായി അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ***31.12.2015, 5 P.M.***

5.2 ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പകർപ്പ് പൊ.ഭ. (സർ വീസ്-ഡി) വകുപ്പിൽ ലഭിക്കേണ്ട അവസാന തീയതി. ***05.01.2016 , 5 P. M.***

5.3 *അവസാനതീയതിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.*

6. സർട്ടിഫിക്കറ്റ് പരിശോധനസമയത്ത് ഹാജരാക്കേണ്ട രേഖകൾ.

6.1 ജനനതീയതി തെളിയിയ്ക്കുന്ന രേഖകൾ.

6.2 വിദ്യാഭ്യാസ യോഗ്യതകൾ തെളിയിയ്ക്കുന്നതിനുള്ള രേഖകൾ.

6.3 ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ നിശ്ചിത മാതൃകയിലുള്ള ഐഡന്റിഫിക്കേഷൻ ഫോം.

6.4 കേന്ദ്രസർക്കാരിലോ സംസ്ഥാന സർക്കാരിലോ പ്രസ്തുത സർക്കാരുകളുടെ നിയന്ത്രണത്തിലോ, ഉടമസ്ഥതയിലോ ഉള്ള പൊതുമേഖലാ സ്ഥാപനങ്ങളിലോ ജോലി ചെയ്യുന്നവർ മേലധികാരിയിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്.

6.5 ഈ വിജ്ഞാപനത്തിലെ ഒന്നാം ഖണ്ഡികയിൽ പറഞ്ഞിരിയ്ക്കുന്ന പ്രകാരം സ്പോർട്സ് ഇനങ്ങളിലുള്ള നേട്ടങ്ങൾ തെളിയിയ്ക്കുന്നതിനു മത്സരങ്ങൾ നടത്തിയ ബന്ധപ്പെട്ട സ്പോർട്സ് സംഘടനകളിൽ നിന്നു ലഭിച്ച സർട്ടിഫിക്കറ്റുകൾ (മറ്റു സംഘടനകളോ സ്ഥാപനങ്ങളോ നൽകിയ സർട്ടിഫിക്കറ്റുകൾ സ്വീകാര്യമല്ല.).

6.6 വയസിളവിന് അർഹതയുണ്ടെങ്കിൽ അത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരിയിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റ്.

6.7 വിഭിന്നശേഷി തെളിയിക്കുന്നതിനുള്ള രേഖകൾ (വിഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികളെ സംബന്ധിച്ച്).

7 **നിയമനം**

7.1 തെരഞ്ഞെടുക്കപ്പെടുന്നവരിൽ സ്പോർട്സ് രംഗത്ത് തുടരേണ്ടവരെ സൂപ്പർന്യൂമററിയായി സൃഷ്ടിക്കുന്ന തസ്തികകളിൽ നിയമിക്കുന്നതാണ്. കായികരംഗത്ത് നിന്ന് വിരമിക്കുന്നവരെ, കായികരംഗത്തുനിന്ന് വിരമിക്കുകയോ 35 വയസ്സ് തികയുകയോ ഏതാണോ ആദ്യം വരുന്നത് എന്ന മുറയ്ക്ക് റെഗുലർ തസ്തികകളിൽ നിയമിക്കുന്നതാണ്. കായികരംഗത്തുനിന്നും വിരമിച്ചവരെ നേരിട്ട് റഗുലർ തസ്തികകളിൽ നിയമിക്കുന്നതാണ്.

7.2 ഏതെങ്കിലും തരത്തിലുള്ള സ്വാധീനം ചെലുത്തൽ, ഉദ്യോഗാർത്ഥിക്കു നിയമനത്തിനുള്ള അയോഗ്യതയായിരിക്കും.

8 *ഉത്തേജക മരുന്നുകളുടെ ഉപയോഗത്തിന്റെ പേരിൽ ശിക്ഷണ നടപടികൾക്ക് വിധേയരായവരോ, കളികളിൽ നിന്ന് വിലക്ക് കൽപിക്കപ്പെട്ടവരോ ആയ കായിക താരങ്ങൾ സ്പോർട്സ് ക്വാട്ടാ നിയമനത്തിന് അർഹരല്ല. നിയമനം ലഭിച്ച ശേഷം ഇത്തരം കേസുകൾ തെളിയിയ്ക്കപ്പെട്ടാൽ അത്തരം കായിക താരങ്ങളെ സർവ്വീസിൽ നിന്നു നീക്കം ചെയ്യുന്നതാണ്.*

****

അനുബന്ധം - I

ORDER OF PRIORITY OF ACHIEVEMENTS FOR SELECTION OF SPORTS PERSONS FOR APPOINTMENT IN STATE GOVERNMENT SERVICE UNDER SPORTS QUOTA

I.

1	Representing India in Olympics and winning First Place	150
2	Representing India in Olympics and winning Second place	145
3	Representing India in Olympics and winning Third place	140
4	Representing India in approved World Championship and winning First Place	135
5	Representing India in approved World Championship and winning Second Place	130
6	Representing India in approved World Championship and winning Third place	125
7	Representing India in Commonwealth Games winning first place	120
8	Representing India in Commonwealth Games winning Second place	115
9	Representing India in Commonwealth Games winning Third place	110
10	Representing India in Asian Games winning First Place	105
11	Representing India in Asian Games winning Second place	100
12	Representing India in Asian Games winning Third place	95
13	Representing India in World Universiad and winning first place	90
14	Representing India in World Universiad and winning Second place	85
15	Representing India in World Universiad and winning Third place	80
16	Representing India in Olympics	75
17	Representing India in approved World Championship	70
18	Representing India in Commonwealth Games/Asian Games	65
19	Representing India in South Asian Games and winning First place	60

20	Representing India in South Asian Games and winning Second place	55
21	Representing India in South Asian Games and winning Third place	50
22	Representing Kerala in the Senior National/ National Games Championship and winning First place	45
23	Representing Kerala in the Senior National/ National Games Championship and winning Second place	40
24	Representing Kerala in the Senior National/ National Games Championship and winning Third place	35
25	Representing University in Kerala and winning First place in All India Inter University Competitions	30
26	Representing University in Kerala and winning Second place in All India Inter University Competitions	25
27	Representing University in Kerala and winning Third place in All India Inter University Competitions	20

II. Priorities for the Physically Handicapped Persons.

1. Representing India in the approved International competitions and winning First place
2. Representing India in the approved International competitions and winning Second pla
3. Representing India in the approved International competitions and winning Third plac
4. Representing India in the approved International competitions.
5. Representing Kerala State in National and winning First place.
6. Representing Kerala State in National and winning Second place.
7. Representing Kerala State in National and winning Third place.

അനുബന്ധം:-II

2010 -14 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി പരിഗണിക്കുന്ന കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയ ഒളിമ്പിക്സ് മത്സരങ്ങളിൽ ഉൾപ്പെട്ട കായികഇനങ്ങൾ

ക്രമ നമ്പർ	ഇനം
1.	അക്വാട്ടിക്സ്
2.	അത്‌ലറ്റിക്സ്
3.	ബാസ്ക്കറ്റ്ബോൾ
4.	സൈക്ലിംഗ്
5.	ഫുട്ബോൾ
6.	ഹാന്റ്ബോൾ
7.	വോളിബോൾ
8.	കനോയിംഗ്/കയാകിംഗ്
9.	റോവിംഗ്
10.	ബാഡ്മിന്റൺ(ഷട്ടിൽ)
11.	ടേബിൾ ടെന്നീസ്
12.	റസ്ലിംഗ്
13.	വെയ്റ്റ് ലിഫ്റ്റിംഗ്
14.	ജൂഡോ
15.	തയ് ക്കോണ്ടോ
16.	ജിംനാസ്റ്റിക്സ്
17.	ഹോക്കി (Affiliated upto 26.09.2012)
18.	ടെന്നിസ്
19.	ആർച്ചറി
20.	ബോക്സിംഗ്
21.	ഫെൻസിംഗ്
22.	ഷൂട്ടിംഗ്

2010 -14 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി പരിഗണിക്കുന്ന കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയ ഏഷ്യൻ ഗെയിംസിൽ ഉൾപ്പെട്ട കായിക ഇനങ്ങൾ

ക്രമ നമ്പർ	ഇനം
1	അക്വാട്ടിക്സ്
2	അത്‌ലറ്റിക്സ്
3	ബാസ്ക്കറ്റ്ബോൾ
4	സൈക്ലിംഗ്
5	ഫുട്ബോൾ
6	ഹാന്റ്ബോൾ
7	വോളിബോൾ
8	കനോയിംഗ്/കയാകിംഗ്
9	ഷൂട്ടിംഗ്
10	ബാഡ്മിന്റൺ(ഷട്ടിൽ)
11	ടേബിൾ ടെന്നീസ്
12	വെയ്റ്റ് ലിഫ്റ്റിംഗ്
13	ജൂഡോ
14	ആർച്ചറി
15	തയ് ക്കോണ്ടോ
16	സോഫ്റ്റ്ബോൾ
17	കബഡി
18	ബോക്സിംഗ്
19	ചെസ്സ്
20	റോവിംഗ്
21	ഫെൻസിംഗ്
22	ബാൾ ബാഡ്മിന്റൺ
23	റസ്ലിംഗ്
24	കരാട്ടേ
25	ജിംനാസ്റ്റിക്സ്
26	ബേസ് ബാൾ
27	വുഷു
28	ക്രിക്കറ്റ് (Affiliated upto 26.09.2012)
29	ഹോക്കി (Affiliated upto 26.09.2012)
30	ടെന്നിസ്

കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായികഇനങ്ങൾ (ഓരോ വർഷത്തേക്കും പരിഗണിക്കേണ്ട കായികഇനത്തിന് അതാതു വർഷം സ്പോർട്സ് കൗൺസിലിന്റെ അംഗീകാരം ഉണ്ടായിരിക്കേണ്ടതും, അംഗീകാരം കിട്ടി മൂന്നു വർഷം പൂർത്തിയായിരിക്കേണ്ടതുമാണ്)

ക്രമനമ്പർ	ഇനം
1	അക്വാട്ടിക്സ്
2	അത്‌ലറ്റിക്സ്
3	ബാസ്ക്കറ്റ്ബോൾ
4	സൈക്ലിംഗ്
5	ഫുട്ബോൾ
6	ഹാന്റ്ബോൾ
7	വോളിബോൾ
8	കനോയിംഗ്/കയാകിംഗ്
9	റോവിംഗ്
10	കളരിപ്പയറ്റ്
11	ബാഡ്മിന്റൺ(ഷട്ടിൽ)
12	ടേബിൾ ടെന്നീസ്
13	ടെന്നീക്വയറ്റ്
14	ബാൾ ബാഡ്മിന്റൺ
15	ചെസ്സ്
16	ബോക്സിംഗ്
17	റസ്ലിംഗ്
18	വെയ്റ്റ് ലിഫ്റ്റിംഗ്
19	ജുഡോ
20	തയ് ക്കോണ്ടോ
21	ജിംനാസ്റ്റിക്സ്
22	ബോഡിബിൽഡിംഗ്
23	പവ്വർ ലിഫ്റ്റിംഗ്
24	സൈക്കിൾ പോളോ
25	ഖോ-ഖോ
26	ക്രിക്കറ്റ് (26.09.2012 മുതൽ അംഗീകാരം നഷ്ടപ്പെട്ടു)
27	ഹോക്കി (26.09.2012 മുതൽ അംഗീകാരം നഷ്ടപ്പെട്ടു)
28	ഫെൻസിംഗ്
29	ടെന്നിസ്
30	കബഡി
31	സോഫ്റ്റ് ബാൾ
32	ആർച്ചറി
33	റൈഫിൾ ഷൂട്ടിംഗ്
34	മൗണ്ടനേയറിംഗ്

അനുബന്ധം III

പ്രഗത്ഭ കായിക താരങ്ങൾക്കു നിയമനം നൽകുന്നതിന് സ്റ്റേറ്റ് സർവ്വീസ്, സബോർഡിനേറ്റ് സർവ്വീസ്, ലാസ്റ്റ് ഗ്രേഡ് സർവ്വീസ് എന്നിവയിലുള്ള തസ്തികകൾ

വിഭാഗം-1

1.	വകുപ്പ്	:	പൊതുമരാമത്ത്
2.	ഉദ്യോഗപ്പേര്	:	അസിസ്റ്റൻറ് എൻജിനീയർ (സിവിൽ/ ഇലക്ട്രിക്കൽ/ മെക്കാനിക്കൽ)
3.	ശമ്പള സ്കെയിൽ	:	20740 - 36140
4.	വിദ്യാഭ്യാസ യോഗ്യതകൾ	:	എൻജിനീയറിംഗിൽ കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ലഭിച്ച(സിവിൽ/ ഇലക്ട്രിക്കൽ/ മെക്കാനിക്കൽ) ബിരുദമോ അല്ലെങ്കിൽ കേരള സർക്കാർ അംഗീകരിച്ച തുല്യമായ യോഗ്യതയോ

വിഭാഗം-2

1.	വകുപ്പ്	:	ആരോഗ്യ വകുപ്പ് (ഹെൽത്ത് സർവീസസ് ഡിപ്പാർട്ട്മെൻറ്)
2.	ഉദ്യോഗപ്പേര്	:	അസിസ്റ്റൻറ് സർജൻ
3.	ശമ്പള സ്കെയിൽ	:	24040 - 38840
4.	വിദ്യാഭ്യാസ യോഗ്യതകൾ	:	1. എം.ബി.ബി.എസ്. ബിരുദം 2. മോഡേൺ മെഡിസിനിൽ സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ നിന്നും ലഭിച്ച രജിസ്ട്രേഷൻ

വിഭാഗം-3

1.	വകുപ്പ്	: വാണിജ്യ നികുതി
2.	ഉദ്യോഗപ്പേര്	: കൊമേഴ്സ്യൽ ടാക്സ് ഓഫീസർ
3.	ശമ്പള സ്കെയിൽ	: 20740 - 36140
4.	വിദ്യാഭ്യാസ യോഗ്യതകൾ	: സർവ്വകലാശാല ബിരുദവും നിയമത്തിൽ ബിരുദവും അഥവാ ചാറ്റേർഡ് അക്കൗണ്ടന്റ് ആക്ട് 1949 ൽ പ്രതിപാദിച്ചിരിക്കുന്ന ചാറ്റേർഡ് അക്കൗണ്ടന്റ് (ഇന്റർ) ൽ വിജയം (Central Act 38 of 1949) അഥവാ കൊമേഴ്സിൽ ബിരുദാനന്തരബിരുദം അഥവാ ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ (ഫിനാൻസ്) -ൽ ബിരുദാനന്തരബിരുദം

വിഭാഗം-4

1.	വകുപ്പ്	: പൊതുമരാമത്ത് വകുപ്പ്
2.	ഉദ്യോഗപ്പേര്	: ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-1
3.	ശമ്പള സ്കെയിൽ	: 13900 -24040
4.	വിദ്യാഭ്യാസ യോഗ്യതകൾ	: സിവിൽ/ഇലക്ട്രിക്കൽ എൻജിനീയറിംഗിൽ കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ലഭിച്ച ഡിപ്ലോമയോ അംഗീകരിക്കപ്പെട്ട തുല്യമായ ഒരു ഡിപ്ലോമയോ

വിഭാഗം-5

1.	വകുപ്പ്	: സെക്രട്ടേറിയറ്റ് /പബ്ളിക് സർവ്വീസ്കമ്മീഷൻ/ അഡ്വക്കേറ്റ് ജനറൽ ഓഫീസ്
2.	ഉദ്യോഗപ്പേര്	: അസിസ്റ്റൻറ്
3.	ശമ്പള സ്കെയിൽ	: 13900 - 24040
4.	വിദ്യാഭ്യാസ യോഗ്യതകൾ	: അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ച ബിരുദം

വിഭാഗം-6

1.	വകുപ്പ്	: വിവിധ വകുപ്പുകൾ
2.	ഉദ്യോഗപ്പേര്	: ലോവർ ഡിവിഷൻ ക്ളാർക്ക്
3.	ശമ്പള സ്കെയിൽ	: 9940 - 16580
4.	വിദ്യാഭ്യാസ യോഗ്യതകൾ	: എസ്.എസ്.എൽ.സി. പരീക്ഷയോ തത്തുല്യ പരീക്ഷയോ പാസായിരിക്കണം

വിഭാഗം-7

1.	വകുപ്പ്	: വിവിധ വകുപ്പുകൾ
2.	ഉദ്യോഗപ്പേര്	: ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്
3.	ശമ്പള സ്കെയിൽ	: 9940 - 16580
4.	വിദ്യാഭ്യാസ യോഗ്യതകൾ	: 1. എസ്.എസ്.എൽ.സി. 2. ടൈപ്പ് റൈറ്റിംഗ് (ഇംഗ്ളീഷ്) ലോവറും, ടൈപ്പ് റൈറ്റിംഗ് (മലയാളം) ലോവറും. കമ്പ്യൂട്ടർ വേഡ് പ്രോസസിംഗും അഥവാ തത്തുല്യ യോഗ്യതയും

വിഭാഗം-8

1.	വകുപ്പ്	: വിവിധ വകുപ്പുകൾ
2.	ഉദ്യോഗപ്പേര്	: കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് ഗ്രേഡ് -2/ സ്റ്റെനോ ടൈപ്പിസ്റ്റ് ഗ്രേഡ് -2.
3.	ശമ്പള സ്കെയിൽ	: 10480 - 18300
4.	വിദ്യാഭ്യാസ യോഗ്യതകൾ	: 1. എസ്.എസ്.എൽ.സി. 2. ടൈപ്പ്റൈറ്റിംഗ് (മലയാളം,ഇംഗ്ലീഷ്) ലോവർ, ഷോർട്ട്ഹാൻറ് (ഇംഗ്ളീഷും , മലയാളവും ലോവർഗ്രേഡും കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് അഥവാ തുല്യ യോഗ്യതയും)

<u>കുറിപ്പ്:-</u> 2002 ജനുവരിക്കുമുമ്പ് കെ.ജി.റ്റി.ഇ.ടൈപ്പ്റൈറ്റിംഗ് പരീക്ഷ പാസ്സായവർ കമ്പ്യൂട്ടർ വേഡ് പ്രൊസ്സസ്സിംഗ് അഥവാ തുല്യ പരീക്ഷയ്ക്കുള്ള സർട്ടിഫിക്കറ്റ് പ്രത്യേകമായി ഹാജരാക്കേണ്ടതാണ്.

വിഭാഗം-9

1.	വകുപ്പ്	: വിദ്യാഭ്യാസം
2.	ഉദ്യോഗപ്പേര്	: ഹൈസ്കൂൾ അസിസ്റ്റൻറ്
3.	ശമ്പള സ്കെയിൽ	: 15380 - 25900
4.	വിദ്യാഭ്യാസ യോഗ്യതകൾ	: ഒരു അംഗീ കൃത സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട വിഷയത്തിൽ ലഭിച്ച ബിരുദവും കേരളത്തിലെ ഒരു സർവ്വകലാശാല നൽകിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ ബി.എഡ്/ബി.റ്റി/എൽ.റ്റി ബിരുദവും. കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്ന മറ്റ് യോഗ്യതകളും

വിഭാഗം-10

1.	വകുപ്പ്	: വിദ്യാഭ്യാസം
2.	ഉദ്യോഗപ്പേര്	: അപ്പർപ്രൈമറി /ലോവർപ്രൈമറി സ്കൂൾ അസിസ്റ്റൻറ്
3.	ശമ്പള സ്കെയിൽ	: 13210 - 22360
4.	വിദ്യാഭ്യാസ യോഗ്യതകൾ	: എസ്.എസ്.എൽ.സിയും കേരളാ ഗവൺമെൻറ് പരീക്ഷാകമ്മീഷണർ നടത്തുന്ന റ്റി.റ്റി.സി. പരീക്ഷയും പാസായിരിക്കണം. യു.പി.സ്കൂൾ അസിസ്റ്റൻറ് റ്റി.റ്റി.സി./ബി.എഡ്. ബിരുദം.

വിഭാഗം-11

1.	വകുപ്പ്	: വിവിധ വകുപ്പുകൾ
2.	ഉദ്യോഗപ്പേര്	: പ്യൂൺ/ഓഫീസ് അറ്റഡൻറ്
3.	ശമ്പള സ്കെയിൽ	: 8500 - 13210
4.	വിദ്യാഭ്യാസ യോഗ്യതകൾ	: 1.മലയാളത്തിൽ/തമിഴിൽ/കന്നഡയിൽ എഴുതാനും വായിക്കുവാനും അറിഞ്ഞിരിക്കണം 2. സൈക്കിൾ സവാരി അറിഞ്ഞിരിക്കണം (ഈ യോഗ്യതയുടെ വിവരം അപേക്ഷയിൽ നിർദ്ദിഷ്ട സ്ഥാനത്ത് പറഞ്ഞിരിക്കേണ്ടതും ആവശ്യപ്പെടുമ്പോൾ തെളിയിക്കേണ്ടതുമാണ്) വനിതകൾക്കു സൈക്കിൾ സവാരി അറിഞ്ഞിരിക്കണമെന്ന് നിർബന്ധമില്ല.

വിഭാഗം-12

1. വകുപ്പ് : വിവിധ വകുപ്പുകൾ

2. ഉദ്യോഗപ്പേര് : ചൗക്കീദാർ

3. ശമ്പള സ്കെയിൽ : 8500 - 13210

4. വിദ്യാഭ്യാസ യോഗ്യതകൾ : 1. മലയാളത്തിൽ /തമിഴിൽ/കന്നഡയിൽ എഴുതാനും വായിക്കുവാനും ഉള്ള അറിവ്.

2. **ശാരീരിക യോഗ്യതകൾ**

(എ) പൊക്കം 165 സെ. മി.

പട്ടിക ജാതി /പട്ടിക വർഗ്ഗക്കാർക്ക് 160 സെ.മി.

(ബി) നെഞ്ചളവ് - 81 സെ.മി.

വികസിപ്പിക്കുമ്പോൾ ഏറ്റവും കുറഞ്ഞത് 4 സെ. മീ. വികസിക്കണം

(സി) കാഴ്ച

	ദൂരകാഴ്ച (സ്നെല്ലൻ)	സമീപകാഴ്ച (സ്നെല്ലൻ)
വലത് കണ്ണ്	6/6	0.5
ഇടത് കണ്ണ്	6/6	0.5

3. സൈക്കിൾ സവാരി അറിഞ്ഞിരിക്കണം.

(ഈ യോഗ്യതയുടെ വിവരം അപേക്ഷയിൽ നിർദ്ദിഷ്ട സ്ഥാനത്ത് പറഞ്ഞിരിക്കേണ്ടതും ആവശ്യപ്പെടുമ്പോൾ തെളിയിക്കേണ്ടതുമാണ്.)

കുറിപ്പ്: ഈ തസ്തികയിലേക്ക് പുരുഷ ഉദ്യോഗാർത്ഥികളെ മാത്രമേ നിയമിക്കുകയുള്ളൂ.

വിഭാഗം-13

1. വകുപ്പ് : വിവിധ വകുപ്പുകൾ
2. ഉദ്യോഗപ്പേര് : ലിഫ്റ്റ് ഓപ്പറേറ്റർ
3. ശമ്പള സ്കെയിൽ : 9190 - 15780
4. വിദ്യാഭ്യാസ യോഗ്യതകൾ : എസ്.എസ്.എൽ.സി പരീക്ഷയോ തത്തുല്യപരീക്ഷയോ പാസായിരിക്കണം മുകളിൽ പറഞ്ഞയോഗ്യത നേടിയതിനു ശേഷം ആറുമാസത്തെ ലിഫ്റ്റ് പ്രവൃത്തി പരിചയം

വിഭാഗം-14

1. വകുപ്പ് : വിവിധ വകുപ്പുകൾ
2. ഉദ്യോഗപ്പേര് : ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ ഓപ്പറേറ്റർ
3. ശമ്പള സ്കെയിൽ : 8960 - 14260
4. വിദ്യാഭ്യാസ യോഗ്യതകൾ : 1. ഏഴാം സ്റ്റാൻഡേർഡോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം.
   2. ഡ്യൂപ്ളിക്കേറ്റർ മെഷീൻ പ്രവർത്തിപ്പിക്കുന്നതിൽ ഏതെങ്കിലും പ്രിന്റിംഗ് പ്രസ്സിലോ അല്ലെങ്കിൽ അങ്ങനെയുള്ള മെഷീൻ ഉപയോഗത്തിലുള്ള മറ്റ് സ്ഥാപനങ്ങളിലോ ഉള്ള ആറ് മാസത്തെ പരിചയം.

****

അനുബന്ധം- IV

പ്രഗൽഭ കായിക താരങ്ങൾക്കു സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി -2010 - 2014 വർഷത്തേക്കുള്ള നിയമനം

ഐഡൻറിഫിക്കേഷൻ ഫാറം

(പ്രത്യേകമായി തയ്യാറാക്കി അപേക്ഷയോടൊപ്പം അയയ്ക്കേണ്ടത്)

അപേക്ഷകൻെറ പേര് :

മേൽ വിലാസം :
(പിൻകോഡ് സഹിതം)

അപേക്ഷിക്കുന്ന തസ്തികകളുടെ
പേരും ശമ്പളവും വകുപ്പും :

രക്ഷകർത്താവിന്റെ പേരും ബന്ധവും :

ആറുമാസത്തിനകം എടുത്ത അപേക്ഷകന്റെ ഒരു പാസ് പോർട്ട് സൈസ് ഫോട്ടോ ഈ കോളത്തിൽ പതിച്ച് അതിൽ ഒരു ഗസറ്റഡ് സർക്കാർ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ഒപ്പിട്ടിരിക്കേണ്ടതാണ്

അപേക്ഷകൻെറ ഒപ്പ്:

ഈ ഫോട്ടോ അപേക്ഷകൻേറത് തന്നെയാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു

സ്ഥലം :
തീയതി :

(സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ
പേരും ഉദ്യോഗപ്പേരും)

സ്ഥലം :
തീയതി :

NO OBJECTION CERTIFICATE

Certified that Sri/Smt.....is working as.....in this Department and that this Department has no objection in sparing his/her services if selected, for appointment in Government Service under the scheme of appointment of outstanding sports men/women in Public Service.

Signature
Name& Designation of the
Appointing Authority/ Head of Department

Place:
Date :

Office Seal

000000010078
Application No: 1007

Government of Kerala

KERALA STATE SPORTS COUNCIL

Thiruvananthapuram

APPLICATION FOR THE SELECTION OF OUTSTANDING SPORTS PERSONS IN THE STATE SERVICE

1.	Name of Applicant	ZXGVKNK			
2	Gender	Male			Affix a recent passport size photograph
3.	Date of Birth	09/07/1991	Age	24	
4	Aadhaar No.				
5	Name of Parent / Guardian	XCVXFCNVGMK			
6.	Citizenship	Indian			
7.	In case of differently abled sports person	Not Applicable			
8.	Religion	Hindu	Caste	NAIR	
9	District	Thiruvananthapuram			
10.	Taluk	Thiruvananthapuram			
11.	Village	Vanchiyoor			
12	Address for Communication	DSHVJBKJ DHCJGVKHL JFVBNML Pincode:- 695001			
13	Contact Details				
	Land Phone with STD Code	04712450230			
	Mobile	9446391470			
	E-mail	krishnakk876@gmail.com			
14.	Represented Kerala in any of the year 2008 to 2014	YES			
15.	Age Relaxation	NO			

Achievements

No.	Achievements	Type	Discipline	Month	Year	Position	New Record	Best Player
1	Representing Kerala in the Senior National/National Games Championship and winning Second Place	Individual	Athletics	May	2012	NA	NO	NO

Preferences

No.	Post	Priority
1	Assistant	1
2	HSA	2

DECLARATION

(To be filled by the candidate)

I, ... do hereby declare that the forgoing information is correct and complete to the best of my knowledge and belief, that I am not aware any circumstance which might impair my fitness for employment under Government and that the copies of the documents sent with application are true copies of the orginals kept in my custody. I undetstand that in the event of any of the particulars or information furnished herein being found false or incorrect after my appoinment, my services are liable to be terminated without further notice to me.

Place :

Date :

Signature of the Applicant

GOVERNMENT OF KERALA

GENERAL ADMINISTRATION (SERVICES-D) DEPARTMENT

NOTIFICATION

No.14652/SD1/2012/GAD Thiruvananthapuram, Dated, 7th December 2015

1. Applications are invited for the 249 vacancies from sportsmen/women who have made the following achievements in sports/games disciplines shown in Annexure II, during the calendar years 2010-2014 for appointment in the State Government service under the scheme for the Appointment of outstanding sportsmen/women in Public Service:-

(i). Those who were members of the team which represented the country in the International Championships; viz. Olympics, World Cup, World University Games, Commonwealth Games, Asian Games or SAF Games which are cleared by the Government of India and won first, second or third position in individual or team events.

(ii). Those who have represented the country in the above International Championships.

(iii). Those who were members of Kerala State teams of a sports discipline recognized by the Kerala State Sports Council which participated in the Championships listed in the Annexure - II and won first. second or third position

Note:- (a) Only those sports/games items which have been included in Olympics/Asian Games as mentioned in Annexure II will be taken into account for giving employment under the Scheme.

(b). The order of priority and other guidelines for selection of candidates will be those stated in the Annexure I of this Notification.

2. Selection Procedure

2.1. The selection of candidates for appointment will be made purely on the basis of achievements in the field of sports/games as given in the Annexure – I.

2.2. **Number of vacancies**: The present selection is for 250 vacancies, 50 vacancies per annum, due for the calendar years 2010 to 2014, after deducting 1 vacancy from 50 vacancies for the year 2014, ie, a total of 249 vacancies. From the vacancies in each calender year two vacancies for differently abled persons and one vacancy will be

earmarked for those sports items not included in the Olympics/ Asian Games but recognised by the Kerala State Sports Council for three preceeding years perannum.

